# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5677** **18.11.2019 ൽ മറുപടിയ്ക്ക്**

### കുട്ടികളുടെ ക്ഷേമസ്ഥാപനങ്ങളിലെ തസ്തികകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.മമ്മൂട്ടി | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യനീതി വകുപ്പിനു കീഴിലെ കുട്ടികളുടെ ക്ഷേമസ്ഥാപനങ്ങളിൽ പുതുതായി ഏതെങ്കിലും തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല. |
| (ബി) | കുട്ടികളുടെ സ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തിക മറ്റ് തസ്തികയായി പരിവർത്തനം ചെയ്തിട്ടുണ്ടോ; എങ്കിൽ ആനുപാതികമായി തസ്തിക സൃഷ്ടിക്കുമോ; | (ബി) | ക്ഷേമ സ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തിക മറ്റു തസ്തികയാക്കി മാറ്റിയിട്ടില്ല. |
| (സി) | നിലവിലുള്ള ജീവനക്കാർക്ക് ലഭിച്ചു വന്നിരുന്ന പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം വകുപ്പ് വിഭജനത്തിലൂടെ നഷ്ടമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II തസ്തിക സാമൂഹ്യ നീതി വകുപ്പിലാണുള്ളത്. ഇരു വകുപ്പുകളിലുമായി ഫീഡർ കാറ്റഗറി നിശ്ചയിക്കപ്പെട്ടിട്ടുള്ള തസ്തികകളിലേയ്ക്കുള്ള ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിനുള്ള വ്യവസ്ഥകളിൽ വകുപ്പ് ഡയറക്ടർമാരുടെ ശുപാർശ പരിഗണിച്ച് പിന്നീട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.